LIBRARY ARCHIVES Kerala Legislative Assembly

ട്രഷറികൾ മുഖേനയുള്ള സമ്പാദ്യ പദ്ധതി

22 [1154] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ മൂന്ന് സാമ്പത്തിക വർഷങ്ങളിൽ ട്രഷറികൾ മുഖേനയുള്ള സമ്പാദ്യ പദ്ധതി അഭിവൃദ്ധിപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ദീർഘകാല ഹ്രസ്വകാല സമ്പാദ്യ പദ്ധതികൾക്കുള്ള പലിശയിലും കമ്മീഷനിലും 2001-നുശേഷം വ്യതിയാനം വരുത്തിയിട്ടുണ്ടോ;

(സി) എങ്കിൽ കാരണം അറിയിക്കാമോ;

(ഡി) ട്രഷറി സമ്പാദ്യ പദ്ധതിയിലൂടെ സമാഹരിക്കാൻ സാധിക്കുന്ന തുക ചെലവിടുന്നത് ഏതെല്ലാം ഇനങ്ങളിലാണെന്ന് അറിയിക്കാമോ;

(ഇ) സമ്മാന പദ്ധതികൾ ആവിഷ്ക്കരിച്ചും കമ്മീഷൻ തുക വർദ്ധിപ്പിച്ചും ട്രഷറി സമ്പാദ്യ പദ്ധതി ആകർഷകമാക്കാൻ നടപടികൾ സ്വീകരിക്കുമോ;

(എഫ്) ഇടപാടുകാരുടെ സൗകര്യം പരിഗണിച്ച് നഗര പരിധിയിൽ കൂടുതൽ ട്രഷറി ബ്രാഞ്ചുകൾ ആരംഭിക്കുമോ;

(ജി) നിർദ്ദിഷ്ട തിരുമല ബ്രാഞ്ച് പ്രവർത്തനം അടിയന്തിരമായി ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കാര്യമായ അഭിവൃദ്ധി ഉണ്ടായിട്ടുണ്ട്.

(ബി) 2001-നുശേഷം സ്ഥിരനിക്ഷേപങ്ങൾക്ക് 5 ഘട്ടങ്ങളിലായി പലിശ നിരക്കിൽ കുറവു ചെയ്ത് വ്യതിയാനം ഉണ്ടായിട്ടുണ്ട്. 2001-നുശേഷം കമ്മീഷനിൽ വ്യത്യാസം ഉണ്ടായിട്ടില്ല.

(സി) ദേശീയതലത്തിലുള്ള സാമ്പത്തിക നയവ്യതിയാനത്തിന്റെ അടിസ്ഥാനത്തിലാണ് പലിശനിരക്കിൽ വ്യത്യാസം വരുത്തിയത്.

(ഡി) ട്രഷറി സമ്പാദ്യ പദ്ധതിയിലൂടെ സമാഹരിക്കാൻ സാധിക്കുന്ന അധിക തുക സംസ്ഥാനത്തിന്റെ വാർഷിക പദ്ധതി നടത്തിപ്പിലേക്കായി വിനിയോഗിക്കുന്നു.

(ഇ) കമ്മീഷൻ തുക വർദ്ധിപ്പിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നില്ല. ഉയർന്ന പലിശനിരക്ക് നിലനിൽക്കുന്നിടത്തോളം സമ്മാനങ്ങൾ കൂടി നൽകേണ്ട ആവശ്യമുണ്ടെന്ന് സർക്കാർ കരുതുന്നില്ല.

(എഫ്) ഈ കാര്യത്തിൽ നയപരമായ തീരുമാനം ഒന്നും എടുത്തിട്ടില്ല.

(ജി) ഇക്കാര്യത്തിൽ അന്തിമ തീരുമാനമൊന്നും ഇതുവരെ എടുത്തിട്ടില്ല.